സ്പെഷ്യൽ ടീം ആരാധനാലയങ്ങളിലെ മോഷണം സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിനായി 15-5-2010-ൽ പുതുതായി ക്രൈം ബ്രാഞ്ചിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ടെമ്പിൾ ആന്റി തെഫ്റ്റ് സ്കാഡ് എന്ന വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.

(സി & ഡി) മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കണ്ണമാലി പോലീസ് സ്റ്റേഷനെ മറൈൻ പോലീസ് സ്റ്റേഷനായി മാറ്റുന്നതിന് നടപടി

50 (4659) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായും കടൽത്തീരം അതിരിടുന്നതും കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾ തിങ്ങി താമസിക്കുന്നതുമായ ചെല്ലാനം പഞ്ചായത്തിലെ കണ്ണമാലി പോലീസ് സ്റ്റേഷനെ മറൈൻ പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പട്രോളിന് ബോട്ട് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ കണ്ണമാലി പോലീസ് സ്റ്റേഷനിൽ ഏർപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

(ബി) നിലവിൽ കണ്ണമാലി പോലീസ് സ്റ്റേഷനിൽ ബോട്ട് ലഭ്യമല്ലാത്തതാണ്. എന്നാൽ ഫോർട്ട് കൊച്ചി മറൈൻ പോലീസ് സ്റ്റേഷനിൽ ലഭ്യമായിട്ടുള്ള 4 ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് കണ്ണമാലി ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ തീരസുരക്ഷയെ മുൻനിർത്തി ബോട്ട് പട്രോളിംഗുകൾ നടത്തി വരുന്നുണ്ട്.

വാഴൂർ നിയോജകമണ്ഡലത്തിലെ പുളിക്കൽ കവലയിൽ പോലീസ് ഔട്ട് പോസ്റ്റ്

51 (4660) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ നിയോജകമണ്ഡലത്തിലെ 14-ാം മൈൽ പുളിക്കൽ കവലയിൽ പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) നാല് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയായ ഈ സ്ഥലത്ത് ഔട്ട് പോസ്റ്റ് ഉടൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly